LIBRARY ARCHIVES Kerala Legislative Assembly

**കിഫ്ബി ധനസഹായം ലഭിച്ച മാനന്തവാടിയിലെ സ്കൂളുകൾ**

17(3438) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായമായ മൂന്ന് കോടി രൂപ അനുവദിച്ച മാനന്തവാടി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ ഏതെല്ലാമാണ്?

കിഫ്ബി ധനാനുമതി നൽകിയ മാനന്തവാടി നിയോജകമണ്ഡലത്തിലെ 3 കോടി വിഭാഗത്തിൽ ഉൾപ്പെട്ട സ്കൂൾ പദ്ധതികൾ അനുബന്ധമായി നൽകുന്നു.*

(ബി) പ്രസ്തുത സ്കൂളുകളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഏത് ഏജൻസിയാണെന്ന് അറിയിക്കുമോ?

പ്രസ്തുത സ്കൂളുകളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളുടെ വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

**ഇടക്കോലി-ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡ്**

18(3439) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പാക്കുന്ന ഇടക്കോലി-ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡിന്റെ പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഇടക്കോലി - ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡ് പദ്ധതിയുടെ ഡി.പി.ആർ. എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ 10 മീറ്റർ വീതി ലഭ്യമായിട്ടുള്ള സ്കെച്ചുകൾ ചെയിനേജ് സഹിതവും ബാക്കി സ്ഥലങ്ങളിലും ലാൻഡ് അക്വിസിഷൻ സാധിക്കുമോ എന്നതിന്മേൽ കേരള റോഡ് ഫണ്ട് ബോർഡ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

പ്രസ്തുത റിപ്പോർട്ട് കിഫ്ബിയിൽ ലഭിച്ചിട്ടില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്,